I/689746/2024

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: **DT/644/2024-G3** തീയതി: 16-02-2024

**<u>വിജ്ഞാപനം</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് - എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് മാർച്ച് 2024 – ആറു മാസ DCM (റഗുലർ) ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിനായി ട്രെയിനികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

***********

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ വെച്ച് മാർച്ച് 2024-ന് നടക്കുന്ന 6 മാസ ഡി.സി.എം എസ്.സി.വി.റ്റി റഗുലർ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് 2023 ആഗസ്റ്റ് മാസത്തിൽ ആരംഭിച്ച് 2024 ഫെബ്രുവരി മാസത്തിൽ അവസാനിക്കുന്ന ആറുമാസ കോഴ്സിൽ പ്രവേശനം നേടിയ ട്രെയിനികളിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

''0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്'' എന്ന ശീർഷകത്തിൽ റഗുലർ പരീക്ഷയ്ക്കായി 110/- രൂപ ഒടുക്കിയ അസ്സൽ ചെലാൻ, അപേക്ഷകളുടെ രണ്ട് പകർപ്പ്, എസ്.എസ്.എൽ.സി യുടെ കോപ്പി എന്നിവ സഹിതം **20/02/2024- 26/02/2024 തീയതിയ്ക്ക് വൈകുന്നേരം 4:00 മണിയ്ക്ക്** മുമ്പായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. 60/- രൂപ ഫൈനോടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 28/02/2024 ആണ്.

ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ട്രെയിനികളിൽ നിന്നും ശേഖരിക്കുന്ന തുക ട്രഷറിയിൽ അടച്ച് ആയതിന്റെ രസീത് നമ്പർ, ആറുമാസ റഗുലർ പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണം എന്നീ വിവരങ്ങൾ **28/03/2024-ന് വൈകിട്ട് 4:00 മണിയ്ക്ക്** മുമ്പായി scvtradetest@gmail.comഎന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**
**സെക്രട്ടറി,സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്**

വകുപ്പിന്റെ കീഴിലുള്ള എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

I/689746/2024

പകർപ്പ്:- 1. ഡി.റ്റിയുടെ സി.എ/എ.ഡി.റ്റി/സ്പെഷ്യൽ ഓഫീസർ( എസ്.റ്റി.ഐ.എ, എസ്.പി.ഡി (എസ്.പി.ഐ.യു), ജെ.ഡി.റ്റി/ജെ.ഡി (ആർ.ജെ.ഡി കണ്ണൂർ)

2.ഡി.എസ്.എ, ഡി.ഡി.റ്റി, ഡി.ഡി.പി, എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്- മാർക്കും, റ്റി.റ്റി,ഒ, എല്ലാ ട്രെയിനിംഗ് ഓഫീസർ-മാർക്കും, എസ്.എസ്(ജി),
കരുതൽ ഫയൽ (ജി)

3. വകുപ്പ് വെബ്സൈറ്റിലേയ്ക്ക്

## SCVT ട്രേഡ് ടെസ്റ്റ് മാർച്ച് 2024-
## ആറുമാസ DCM റെഗുലർ പരീക്ഷയ്ക്കുള്ള അപേക്ഷ ഫോറം

1. പരിശീലനാർത്ഥി പരിശീലനം നേടിയ
   വ്യാവസായികപരിശീലന സ്ഥാപനത്തിന്റെ പേര് :

2. ട്രേഡും മാസവും :

3. അപേക്ഷകന്റെ പേര് :

4.റോൾ നമ്പർ ( S എന്ന് തുടങ്ങുക) :

5.മൊബൈൽ നമ്പർ :

6.ഇ -മെയിൽ ഐ.ഡി :

7.ആൺ/പെൺ :

8.പരിശീലന കാലയളവ് :

### സത്യപ്രസ്താവന

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും, വിശ്വാസത്തിലും ശരിയാണെന്നും, പ്രാക്ടിക്കൽപരീക്ഷയ്ക്ക് ആവശ്യമായ ഫീസ് അടച്ചുകൊണ്ട് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച നൽകുന്ന പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതാൻ സമ്മതമാണ്. മാത്രമല്ല 80% ഹാജർ ലഭിച്ചാൽ മാത്രമേ എനിക്ക് ട്രേഡ് ടെസ്റ്റ് എഴുതാൻ ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളുവെന്നും, ട്രെയിനിംഗ് ഡയറക്ടർ അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച സമയബന്ധിതമായി എന്റെ ഇ.എം.എസ് പോർട്ടൽ പേജിലെ യോഗ്യതകൾ എല്ലാം ഉറപ്പാക്കിയാൽ മാത്രമേ എനിക്ക് പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ എന്നുമുള്ള ഉത്തമബോധ്യം എനിക്കുണ്ടെന്നും അറിയിക്കുന്നു.

അപേക്ഷകന്റെ പേര്:
ഒപ്പ് :

# <u>പ്രിൻസിപ്പാളിന്റെ പരിശോധനാ റിപ്പോർട്ട്</u>

**1) ഫീസ് ഒടുക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ**

a) ചെലാൻ നമ്പരും തീയതിയും :

b) ട്രഷറിയുടെ പേര് :

c)തുക :

മേൽപ്പറഞ്ഞ അപേക്ഷയിലെ വിശദാംശങ്ങൾ ഓഫീസ് രേഖകൾ പ്രകാരം ശരിയാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു. പരിശീലന പൂർത്തീകരണ രജിസ്റ്ററിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്നും, SCVT അഫിലിയേറ്റഡ് യൂണിറ്റിൽ നിന്നും ആവശ്യമായ പരിശീലനം,പരിശീലന കാലയളവിൽ ടിയാൻ/ ടിയാൾ നേടിയിട്ടുണ്ടെന്നും കൂടാതെ ഇ.എം.എസ് പോർട്ടലിൽ ഈ ട്രെയിനിയുടെ പ്രൊഫൈൽ വിശദമായി പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടതിന് ശേഷം Formative Assessments, ഹാജർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഞാൻ അറിയിക്കുന്നു. ആയതിനാൽ ടിയാനെ/ടിയാളെ 2024 മാർച്ച് മാസത്തില് നടക്കുന്ന SCVT ട്രേഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നതിനൊപ്പം ടിയാന്റെ/ടിയാളുടെ സ്വഭാവം------- ആണെന്നും പ്രസ്താവിക്കുന്നു.

പ്രിൻസിപ്പാളിന്റെ ഒപ്പ്
ഔദ്യോഗിക മേൽവിലാസം

സ്ഥലം:
തീയതി :

(ഓഫീസ് മുദ്ര)